പടിഞ്ഞാറെ കല്ലടയിലെ നെൽപ്പാടങ്ങളിൽ ഉപ്പ് വെള്ളം കയറുന്നത് തടയാൻ നടപടി

516. [710] ശ്രീ. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലടയിലെ നെൽപ്പാടത്ത് ഉപ്പു വെള്ളം കയറി എല്ലാ കൊല്ലവും നെൽകൃഷി നശിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപ്പുവെള്ളത്തിന്റെ കയറ്റം തടയാൻ 3 കൊല്ലം മുൻപ് വരെ വെട്ടിയതോട്, വളഞ്ഞ വരമ്പ്, മൂക്കേതിക്കര എന്നിവിടങ്ങളിൽ സ്ഥാപിക്കാറുള്ള ബണ്ടുകൾ ഇക്കൊല്ലമെങ്കിലും നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടി പ്രദേശത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ വേണ്ട നടപടികൾ എല്ലാക്കൊല്ലവും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉപ്പുവെള്ളം കയറാതിരിക്കാനുള്ള ബണ്ടുകൾ ഇക്കൊല്ലം നിർമ്മിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ

517. [711] ശ്രീ. വി. ദിനകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ സി. സി. എസ്. 47-51 വരെയുള്ള കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കുമോ ;

(സി) വളരെ നേരത്തേ ഭരണാനുമതി നൽകിയിട്ടും ഇതുവരെ ടെണ്ടർ ചെയ്യാതിരിക്കാനുള്ള കാരണമെന്ത് ;

(ഡി) ഉടനെ ഇതു ടെണ്ടർ ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ ;

(ഇ) ബി. എൽ. എസ്. 31 മുതൽ 33 വരെയുള്ള അമ്പലപ്പുഴയിലെ കടലാക്രമണ നിരോധനപ്രവർത്തനം നടത്തുന്നതിന് എന്നു എഗ്രിമെന്റ് വെച്ചു ;

(എഫ്) എഗ്രിമെന്റ് വച്ചിട്ടും ഇതുവരെ പണി ആരംഭിക്കാതിരിക്കാൻ പ്രത്യേക കാരണം ഉണ്ടോ ;

(ജി) കാലതാമസം കണക്കാക്കി ഇതു റീ ടെണ്ടർ ചെയ്തു പണി വളരെ വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) പുന്നപ്ര തെക്കുഭാഗത്ത് ചെയ്ത വർക്കു പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഐ) ഇല്ലെങ്കിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly